COCHIN
LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1115

Tuesday, the *16th January 1940* / *3rd Makaram 1115*

The Council met in the Council Hall, Ernakulam, at Eleven of the Clock with the Hon'ble the President (SIR SHANMUKHAM CHETTY, K. C. I. E.), in the Chair.

Rama Varmha Tampuran, Mr. Shabdai S. Koder and Mr. K. Ashtamurthi Nambudiripad were absent.

QUESTIONS AND ANSWERS

KARIATTUKARA TEMPLE—ASSIGNMENT OF PORAMBOKE IN FRONT OF

181. മിസ്റ്റർ പെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ:—

(എ) കായ്യാട്ടുകര ഭഗവതി ക്ഷേത്രത്തിന്റെ മുൻവശത്തുള്ള പുറമ്പോക്കുവഴി ടി ഭഗവതി ക്ഷേത്രത്തിലേക്ക് പതിച്ചു കൊടുക്കുവാൻ വല്ല അപേക്ഷയും കിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നാണ്;

(ബി) ആ അപേക്ഷകരിൽ എത്ര ഗവൺമെണ്ട് ജോലിക്കാരുണ്ടെന്നും, അവർ ആരൊക്കെയാണെന്നും പറയാമോ;

(സി) പ്രസ്തുത ക്ഷേത്രത്തിന്റെ ഉരായ്മക്കാർ ആരെല്ലാം;

(ഡി) പ്രസ്തുത വഴിക്ക് ഗവൺമെൻറിൽനിന്ന് എത്ര കന്നി നമ്പർ-കാരെ എത്ര സംഖ്യ ചിലവു ചെയ്തിട്ടുണ്ട്;

(ഇ) ഈ റോഡ് ദേവസ്വത്തിലേക്ക് പതിച്ചു കിട്ടുവാൻ സവർണ്ണർ ചെയ്യുവരുന്ന ശ്രമങ്ങൾ ആക്ഷേപാർഹങ്ങളാണെന്നും തദ്ദേശവാസികളായ അവർണ്ണരുടെ ആവലാതി ഗവൺമെൻറിലേക്കു കിട്ടീട്ടില്ലെ; ആ കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി നടത്തി;

(എഫ്) എത്ര കന്നി നമ്പർ- മിസ്റ്റർ കെ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ശ്രാമോദ്ധാരണ മന്ത്രി അവർകളുടെ മുമ്പാകെ ഒരു നിവേദക സംഘം ചെയ്ത അ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതിനയനുസരിച്ച് പ്രവൃത്തിക്കുന്നതിനും മന്ത്രിയവർകൾ ശ്രമിക്കുമൊ?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഉണ്ട്. മണിയത്ത് വാസുദേവൻ നമ്പീശൻ മുതൽപേരിൽനിന്നും.

(ബി) അറിവില്ല.

(സി) അന്തിക്കാട് വില്ലേജിലെ കുരുത്ത ചൊറളിമന ഇല്ലത്തിലെ അംഗങ്ങൾ.

(ഡി) യാതൊരു സംഖ്യയും അടുത്ത കാലത്തു് ചിലവുചെയ്തിട്ടില്ല.

(ഇ) ഉണ്ട്. വേണ്ട അന്വേഷണങ്ങൾ നടത്തി. പതിച്ചു കൊടുക്കുന്നതിനുള്ള അപേക്ഷ നിരസിച്ചു.

(എഫ്) ഉപചോദ്യം ആവശ്യമില്ല.

APPOINTMENT OF PANCHAYAT MAISTRY—PARTICULARS REGARDING

182. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറ് സദയം മറുപടി പറയുമൊ.—

(എ) പഞ്ചായത്തു് മേസ്തിയായി കോരുകുട്ടി എന്നൊരു പുലയൻ ഉണ്ടായിരുന്നില്ലേ;

(ബി) മേസ്തിയായി എത്രകാലം ഉണ്ടായിരുന്നുവെന്നും ഏതേതു സംവത്സരങ്ങളിലായിരുന്നുവെന്നും പറയാമൊ;

(സി) എത്രനാൾ ആയിട്ടുണ്ടു് അയാൾ സർവ്വീസിൽനിന്നും ഒഴിവായിട്ടു്;

(ഡി) ഒഴിവായതിനുശേഷം അയാൾ ബോധിപ്പിച്ച അപേക്ഷകൾക്കു് "മേസ്തിപണിക്കു് പരീക്ഷായോഗ്യത പോരെന്നും ആദ്യം ഉണ്ടാകുന്ന ഒഴിവിൽ ശിപായിയായി നിയമിക്കാമെന്നും" "ഉത്തരവു് കൊടുത്തിട്ടില്ലേ;

(ഇ) അതിനുശേഷം ഉണ്ടായിട്ടുള്ള യാതൊരു ഒഴിവിലും ടി കോരുകുട്ടിയെ ഒരു ശിപായിയായെങ്കിലും നിയമിക്കാതിരിക്കുന്നതിനുള്ള കാരണമെന്തു്;

(എഫ്) ഇപ്പോഴത്തെ ബഹുമാനപ്പെട്ട മന്ത്രി അവർകൾ ടി കോരുകുട്ടി ബോധിപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടിയാണു് എടുത്തതു്;

(ജി) ആ അപേക്ഷക്കു് അപേക്ഷകനു് വല്ല മറുപടിയുംകൊടുത്തിട്ടുണ്ടൊ?

ഡാക്ടർ എ. ആർ മേനോൻ: (എ) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly